## 22

# "യേശു കണ്ണുനീർ വാർത്തു"

## (11:1- 44)

വലിയ എഴുത്തുകാരനായ സി.എസ്. ലൂയിസിനെയും ജോയ് ഗ്രസാമിനെയും ഉൾപ്പെടുത്തിയുള്ള കയ്പ്പും മധുരവും നിറഞ്ഞ പ്രേമ കഥ പറയുന്ന സിനിമയായിരുന്നു 1993 ലെ **"ഷാഡോ ലാന്റ്സ്."** ചിത്ര ത്തിന്റെ തുടക്കത്തിൽ, ലൂയിസ് ഒരു ഹാൾ നിറഞ്ഞിരിക്കുന്ന ആളുക ളോടു വേദനയെക്കുറിച്ചു സംസാരിക്കയാണ്. അയാൾ അവരോടു പറ ഞ്ഞു,

> വേദന എന്നതു കേൾവി ശക്തിയില്ലാത്ത ലോകത്തിനു ദൈവത്തിന്റെ ഉച്ചഭാഷിണിയാണ്. ... മനുഷ്യരൂപം കൊത്തിയുണ്ടാക്കുന്ന കല്ലുകൾ പോലെയാണ് നാം. ഉളി കൊണ്ടുള്ള അടി നമ്മെ വേദനിപ്പിക്കും പക്ഷെ അതാണ് നമ്മെ തികഞ്ഞവരാക്കുന്നത്.

ആ സിനിമ തുടരുമ്പോൾ, ലൂയിസ്, ജോയി ഗ്രഹാമിനെ കാണുകയും പ്രണയത്തിലാകുകയും ചെയ്യുന്നു. ലൂയിസ് ഒരു ഉറച്ച അവിവാഹി തൻ, ആദ്യമൊക്കെ ജോയിയുമായി സൗഹൃദത്തിനു മാത്രമെ താല്പ ര്യപ്പെട്ടുള്ളൂ. ഒരു ദിവസം ഉച്ച കഴിഞ്ഞ് ചായ സമയത്ത് അവരുടെ വീട്ടിൽ ഒരുമിച്ചിരിക്കുമ്പോൾ ജോയിയുടെ ഉള്ളിലെ നിരാശ പുറത്തു വിട്ടു. അവൾ ഉച്ചത്തിൽ പറഞ്ഞു,

> ആർക്കും നിങ്ങളെ സ്പർശിക്കാൻ പറ്റാത്തവിധത്തിൽ എങ്ങനെ നിങ്ങൾ ജീവിതം നയിക്കുമെന്നു - ഇപ്പോൾ ഞാൻ മാത്രം കണ്ടുക ഴിഞ്ഞു. നിങ്ങളോടടുത്ത എല്ലാവരും ഒന്നുകിൽ നിങ്ങളേക്കാൾ പ്രായം കുറഞ്ഞവർ, അല്ലെങ്കിൽ നിങ്ങളേക്കാൾ ബലഹീനർ, അല്ലെ ങ്കിൽ നിങ്ങളുടെ നിയന്ത്രണത്തിൽ വരുന്നവർ.

ക്രമേണ, ജോയി പറഞ്ഞതു ശരിയാണെന്നും താൻ വികാരങ്ങളിൽ നിന്നും വേദനയിൽ നിന്നും തന്റെ ജീവിതത്തെ പരിഹസിച്ചുകൊണ്ടി രിക്കയാണെന്നു ലൂയിസ് തിരിച്ചറിഞ്ഞു. പിന്നീട്, ജോയി കാൻസർ ബാധിച്ചു ആസ്പത്രിയിൽ കിടന്നപ്പോൾ, ലൂയിസ് അവളെ വിവാഹം കഴിക്കാമെന്നു പറഞ്ഞു, അങ്ങനെ 1956-ൽ അവർ ഭാര്യാഭർത്താക്ക

ന്മാരായിത്തീർന്നു. അടുത്ത നാലുവർഷങ്ങൾ അവർക്കു സന്തോഷ പ്രദമായിരുന്നു, എപ്പോഴും - ഉണ്ടായിരുന്ന കാർമേഘം പോലെ കാൻസർ ഉണ്ടായിട്ടും അവരുടെ ജീവിതം പരമാനന്ദമായിരുന്നു. ഈ സമയത്തു അവരുടെ ചുമരിൽ വരച്ചിരുന്ന മനോഹരമായ ഒരു താഴ്വര യിലേക്കു അവർ അവരുടെ താമസിച്ച ഹണിമൂൺ യാത്ര നടത്തി. അവർ വയലിൽ കൂടെ നടന്നപ്പോൾ മഴ പെയ്യാൻ തുടങ്ങി, അവർ അടുത്തു വൈക്കോൽ കൂട്ടിയിരുന്ന ഷെഡ്ഡിലേക്കു ഓടി കയറി. അവർ അവിടെ ഇരുന്നപ്പോൾ, ജോയി തന്റെ ആസന്നമായ മരണത്തെക്കു റിച്ചു സംസാരിക്കുവാൻ തുടങ്ങി. ഉറച്ച സ്വരത്തിൽ അവൾ പറഞ്ഞു,

> ഈ മഴ മാറി നാം മടങ്ങി പോകുന്നതിനു മുൻപു ഞാൻ അതു പറയ ട്ടെ. ... ഞാൻ മരിക്കുവാൻ പോകയാണ്, എങ്കിലും പിന്നെയും നിങ്ങ ളോടൊപ്പം ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതു ഇപ്പോൾ പറഞ്ഞാലേ, അതിനു സാധ്യതയുള്ളൂ. ... അതു കൈകാ ര്യം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായിരിക്കും എന്നു കരുതുന്നു. ഞാൻ പറയുവാൻ പോകുന്നതു അന്നത്തെ വേദന ഇപ്പോഴത്തെ സന്തോഷത്തിന്റെ ഭാഗമാണ്. അതാണ് ഏർപ്പാട്!

പിന്നീട്, ജോയി മരിച്ചപ്പോൾ, ആ നഷ്ടത്തിന്റെ ശൂന്യതയിലായി, അതു പോലെ ജോയിയുടെ എട്ടു - വയസ് - പ്രായമുള്ള മകൻ, ഡഗ്ലസും. ഒരു ദിവസം ലൂയിസ് മച്ചിന്റെ മുകളിലെ മുറിയിൽ ഒറ്റയ്ക്കിരുന്ന ഡഗ്ലസിന്റെ അടുക്കൽ ചെല്ലുന്നതുവരെ, ലൂയിസും ഡഗ്ലസും നിശ ബ്ദതയിലായിരുന്നു. എന്തു പറയണമെന്നു തീർച്ചയില്ലാതെ, ലൂയിസ് ഡഗ്ലസിന്റെ അടുത്തിരുന്നു. അവർ തമ്മിലുള്ള ആശയ കൈമാറ്റം ആ സിനിമയിലെ ശക്തമായ നിമിഷങ്ങൾ ആയിരുന്നു. ലൂയിസ് ഡഗ്ലസി നോടു അവന്റെ അമ്മ വളരെ ചെറുപ്പത്തിൽ തന്നെ അവനു നഷ്ട മായി എന്നു പറഞ്ഞു, അവർ മരണത്തെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി:

> ഡഗ്ലസ്: നിങ്ങൾ സ്വർഗ്ഗത്തിൽ വിശ്വസിക്കുന്നുണ്ടോ?
> ലൂയിസ്: ഉവ്വ്, ഞാൻ വിശ്വസിക്കുന്നു.
> ഡഗ്ലസ്: ഞാൻ സ്വർഗ്ഗത്തിൽ വിശ്വസിക്കുന്നില്ല.
> ലൂയിസ്: അതു കുഴപ്പമില്ല.
> ഡഗ്ലസ്: എനിക്ക് തീർച്ചയായും അമ്മയെകാണുവാൻ
> ആഗ്രഹമുണ്ട്.
> ലൂയിസ്: എനിക്കും!

പിന്നെ, അവർ രണ്ടുപേരും കരയുവാൻ തുടങ്ങി. ലൂയിസ് കുട്ടിയെ കെട്ടിപ്പിടിച്ചു കിടന്നു, അവർ ഒരുമിച്ചു കരഞ്ഞു. സിനിമ അവസാനി ക്കുമ്പോൾ, ലൂയിസ് നാട്ടിൻപുറത്തുകൂടെ നടന്നു നീങ്ങുകയും ഡഗ്ലസ് തന്റെ പട്ടിയുമായി ഓടുന്നു. വ്യക്തമായും അവർക്കുതമ്മിൽ സൗഹൃ ദവും സ്നേഹവും വളർന്നു വന്നിരുന്നു. അവർ അനുഭവിച്ച വേദന

ഒരുമിച്ചു പങ്കിട്ടതുകൊണ്ടു അവരുടെ ബന്ധം എന്നേക്കും മാറി.

ഈ പഠനത്തിന്റെ പ്രത്യേകഭാഗമായ, 11:1–44, തന്റെ പ്രിയപ്പെട്ട ലാസറിന്റെ കല്ലറക്കൽ യേശു പറഞ്ഞതാണ് സംഭവം. "വചനം ജഡമായി, നമ്മുടെ ഇടയിൽ പാർത്തതു" (1:14). എങ്ങനെ എന്നു വിവരിക്കുകയാണ്. വേദനയുള്ള നമ്മുടെ ലോകത്തിലേക്കു യേശു സ്വയമായി വന്നതാണ്, നമ്മുടെ ഇരുണ്ട സമയത്താണ് വന്നതും നമ്മുടെ വേദനയിൽ നമ്മോടൊപ്പം ഇരുന്നതും. കഷ്ടതയുടെ കാരണമോ അല്ലെങ്കിൽ വേദനയുടെ അർത്ഥമോ അവൻ പറയുന്നില്ല; അവൻ നമ്മോടൊപ്പം കരയുന്നു. ഇതിനാൽ ദൈവവുമായി നമുക്കു അപ്രതീക്ഷമായ ആശ്വാസവും കൂട്ടായ്മയും ലഭിക്കുന്നു.

അസംഖ്യം വഴികളിൽ നമുക്കു യോഹന്നാൻ 11 പഠിക്കാം, ഈ മനോഹരവേദഭാഗത്തെ ധ്യാനിച്ചു നമുക്കു രണ്ടു പാഠങ്ങൾ കൂടെ പഠിക്കാം. ഈ അദ്ധ്യായത്തിലെ വിശ്വാസയാത്രയിൽ ആദ്യം, നമുക്കു തോന്നലുകളും വികാരങ്ങളും ശ്രദ്ധിക്കാം.

### സ്നേഹം

ബെഥാന്യക്കാരനായിരുന്ന ലാസർ രോഗിയായി, ആ ദിവസം അവന്റെ സഹോദരിമാരായ മറിയയും മാർത്തയും യേശുവിനെ അറിയിച്ചു (വാക്യം 1). അവർ പറഞ്ഞു, "കർത്താവേ, നിനക്കു പ്രിയനായവൻ ദീനമായ് കിടക്കുന്നു എന്നു പറഞ്ഞു" (വാക്യം 3). ആദ്യം ഇവിടത്തെ ഭാഷ അസാധാരണമായി തോന്നാം. എങ്ങനെയായാലും, യേശു എല്ലാവരേയും സ്നേഹിക്കുന്നില്ലേ? പിന്നെ ആർക്കെങ്കിലും "നിനക്കു പ്രിയനായവൻ" എന്നു എങ്ങനെ പറയുവാൻ കഴിയും? യേശു ലോകത്തിൽ എല്ലാവരേയും സ്നേഹിച്ചിരുന്നു, സ്നേഹിക്കുന്നുമുണ്ട്, അതിനർത്ഥം അവനു പ്രത്യേക സ്നേഹിതന്മാർ ഇല്ലെന്നല്ല. ലാസറും മറിയയും, മാർത്തയും യേശുവിനു എങ്ങനെ പ്രിയമുള്ളവരായി എന്നറിയുവാൻ നിങ്ങളോടു തന്നെ ഒരു പ്രത്യേക ചോദ്യം ചോദിക്കുക. രാത്രി 2.00 മണിക്കു നിങ്ങൾക്കു ഒരത്യാവശ്യം നേരിട്ടാൽ, ഉടനെ നിങ്ങൾ ആരെ വിളിക്കും? യേശു ഈ മൂന്നു സ്നേഹിതന്മാരെ വിളിക്കുമായിരുന്നു.

യേശുവിനു അവരുടെ സന്ദേശം കിട്ടിയപ്പോൾ, അവൻ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു, ആ രോഗം "മരണത്തിനുള്ളതല്ല" എന്നു പറഞ്ഞു (വാക്യം 4), എന്നാൽ അതു "ദൈവനാമ മഹത്വത്തിനത്രേ" (വാക്യം 4). യോഹന്നാന്റെ അടുത്ത പ്രസ്താവന നമ്മെ ഓർപ്പിക്കുന്നത് ആ മൂന്നുപേരോടും യേശുവിനുണ്ടായിരുന്ന വികാരത്തെയാണ്: "യേശു മാർത്തയോടും അവളുടെ സഹോദരി മറിയയെയും ലാസറിനെയും സ്നേഹിച്ചു" (വാക്യം 5).

രണ്ടു ദിവസം കഴിഞ്ഞിട്ടു, നമുക്കു ലാസറെ കാണുവാൻ യെഹൂദ്യയിലേക്കു പോകേണ്ടതാകുന്നു എന്നു യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. യെഹൂദപ്രമാണിമാർ തന്നെ എത്രമാത്രം വെറുത്തിരുന്നു എന്നും അവനെ കൊല്ലുവാൻ ആഗ്രഹിച്ചിരുന്നു എന്നും അറിഞ്ഞിരുന്നു, ശിഷ്യന്മാർ അവനോടു അവിടെ പോകരുതെന്നു വിലക്കുകയും

ചെയ്തു. എങ്ങനെയായാലും, യേശു പോകുവാൻ, തന്നെ ഉറച്ചു, "നമ്മുടെ സ്നേഹിതൻ ലാസർ നിദ്ര കൊള്ളുന്നു" എന്നു പറഞ്ഞു (വാക്യം 11). യേശുവിന്റെ ഭാഷ സൂചിപ്പിക്കുന്നത് തനിക്കു ലാസറിനോടും അവന്റെ സഹോദരിമാരോടും ഉള്ള സ്നേഹബന്ധത്തെയാണ്. അവൻ സൂചിപ്പിച്ച നിദ്ര വാസ്തവത്തിൽ മരണം ആയിരുന്നു. പ്രത്യേകമായി അവൻ വിളിച്ചു പറഞ്ഞു, "ലാസർ മരിച്ചു" (വാക്യം 14). തോമസ്, യെഹൂദ്യയിലേക്ക് പോകുന്നത് മരിക്കുന്നതിനു തുല്യമാണെന്ന് അറിഞ്ഞുകൊണ്ടു, "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോകാ എന്നു പറഞ്ഞു" (വാക്യം 16). അവന്റെ വാക്കുകളിൽ നമുക്കു ഭയവും ഭക്തിയും ഒരുമിച്ചു കേൾക്കാൻ കഴിയും.

## നിരാശ

യേശു ബേഥാന്യയിലെത്തിയപ്പോഴേക്കും, ലാസറിന്റെ ശരീരം കല്ലറയിൽ വെച്ചിട്ടു നാലു ദിവസം കഴിഞ്ഞിരുന്നു. യേശു ടൗണിൽ എത്തി എന്നു കേട്ടപ്പോഴേക്കും, മാർത്ത അവനെ എതിരേല്ക്കുവാനായി ചെന്നു. അവൾ അവനെ കണ്ടപ്പോൾ പറഞ്ഞു, "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ, എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" (വാക്യം 21). ഇന്നും വായനക്കാരനു അവളുടെ വാക്കുകളിലെ നിരാശ കേൾക്കാം. "എങ്കിൽ മാത്രം" എന്നതു ഒരു പക്ഷെ അടുപ്പം കാണിക്കുന്ന ഭാഷയുടെ ഉപയോഗം ആയേക്കാം. ലാസറിന്റെ ദീനം യേശുവിനെ അറിയിക്കുവാൻ ആളുപോയപ്പോഴേക്കും അവൻ മരിച്ചുകഴിഞ്ഞിരുന്നു, യേശു വരുവാൻ താമസിച്ചതിൽ അവൾക്കു വിഷമം ഉണ്ടായിരുന്നു. യേശു അവിടെ നിന്നു അതു "ഏറ്റെടുത്തു." അവളുടെ വേദന, തെറ്റിദ്ധാരണ, നിരാശ എന്നിവ പ്രകടിപ്പിക്കുവാൻ അവൻ അവളെ അനുവദിച്ചു.

## കണ്ണുനീർ

ചുരുങ്ങിയ സംഭാഷണം യേശുവുമായി നടത്തിയശേഷം, മാർത്ത വീട്ടിലേക്കു ഓടി തന്റെ സഹോദരിയോടു രഹസ്യമായി പറഞ്ഞു, "ഗുരു വന്നിട്ടുണ്ട്, നിന്നെ വിളിക്കുന്നു" (വാക്യം 28). അവൾ ചെയ്യുന്നതെന്താണെന്നു പറയാതെ, യേശുവിനെ കാണുവാനായി അവൾ ചാടി ഓടി. മറിയ ഓടിപോകുന്നതു കണ്ടിട്ടു അവിടെ അവരെ ആശ്വസിപ്പിപ്പാൻ വന്ന യെഹൂദന്മാർ അവൾ ലാസറിന്റെ കല്ലറക്കൽ കരവാൻ പോകുന്നു എന്നു വിചാരിച്ചു പിൻചെന്നു.

മറിയ യേശുവിന്റെ അടുക്കൽ ചെന്നപ്പോൾ, അവൾ "അവന്റെ കാൽക്കൽ വീണു" (വാക്യം 32), എന്നാൽ അതിനു വിപരീതമായി അവളുടെ സഹോദരി മുൻപു ചെന്നു അവിടെ നിന്നു സംസാരിക്കുകമാത്രമാണ് ചെയ്തതു. മറിയ യേശുവിന്റെ കാൽക്കൽ വീണതു സൂചിപ്പിക്കുന്നതു അവൾ തന്റെ വരവിനോ അഹങ്കാരത്തിനോ സ്ഥാനം നല്കിയില്ല എന്നതാണ്. അവളുടെ ഹൃദയത്തിലെ വേദന നിറഞ്ഞു കവിഞ്ഞു മറ്റെല്ലാ വികാരങ്ങളെയും കീഴ്പ്പെടുത്തി. പിന്നെ, മറിയ അവളുടെ സഹോദരിയുടെ വാക്കുകൾ ആവർത്തിച്ചു: "കർത്താവേ, നീ

ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" (വാക്യം 32).

പിന്നെ സംഭവിച്ചതാണ് സംഭവത്തിന്റെ "കാതലായ" ഭാഗം. യോഹന്നാൻ എഴുതി,

> അവൾ കരയുന്നതും അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ടു ഉള്ളം നൊന്തു കലങ്ങി, "അവനെ വെച്ചതു എവിടെ?" എന്നു ചോദിച്ചു. "കർത്താവേ വന്നുകാൺക" എന്നവർ അവനോടു പറഞ്ഞു. യേശു കണ്ണുനീർ വാർത്തു (വാക്യംങ്ങൾ 33–35).

യോഹന്നാൻ വിവരിച്ചതു ചുരുങ്ങിയ വാക്കുകളിലായിരുന്നു – എന്നാൽ മറക്കാൻ കഴിയാത്ത വിധത്തിലായിരുന്നു – ആ സഹോദരിമാരുടെ വേദനയുടെ ഫലം. അവന്റെ "ഉള്ളം നൊന്തു." ഇന്നു നാം പറയും, അവരുടെ വേദന "അവനെ ഇളക്കി മറിച്ചു." അവരുടെ വേദന അവന്റെ ഹൃദയത്തിലേക്കുവരുവാൻ അവൻ അനുവദിച്ചു. യേശുവിന്റെ കരച്ചിൽ ലാസറിന്റെ സഹോദരിമാരും വന്നുകൂടിയ യെഹൂദന്മാരും കരഞ്ഞതുപോലെ ആയിരുന്നില്ല. ഒരു പക്ഷേ, വളരെ മിതമായ അല്ലെങ്കിൽ ഒരാൾ പറഞ്ഞതുപോലെ "ചെറിയ ചാറ്റൽ മഴപോലെയുള്ള കണ്ണുനീർ" ആയിരിക്കാം. "കണ്ണുനീർ," "ആത്മാവിന്റെ മുറിപ്പാടിലൂടെ ഒഴുകിയ രക്തം പോലെയാണ്," എന്നു ഗ്രിഗറി ഓഫ് നിസ്സാ എഴുതി.[1] ദുഃഖിക്കുന്ന കുടുംബത്തിനുവേണ്ടി യേശുവിന്റെ ഹൃദയം മുറിവേല്ക്കുകയും, അവൻ അവരോടു കൂടെ കരയുകയും ചെയ്തു.

അതു കണ്ടവർ പറഞ്ഞു, "കണ്ടോ, അവനോടു എത്ര പ്രിയമുണ്ടായിരുന്നു എന്നു പറഞ്ഞു" (വാക്യം 36). ആ സമയത്തു ജനക്കൂട്ടം എത്ര തെറ്റിദ്ധരിച്ചു എന്നു യോഹന്നാൻ വിവരിക്കുകയാണ് എന്നു ചിലർ വിചാരിക്കുന്നു. ഞാൻ അതിനോടു വിയോജിക്കുന്നു. ഞാൻ വിശ്വസിക്കുന്നതു എന്തു നടക്കുന്നു എന്നു പ്രത്യേകമായി പറയുവാനാണ് പുരുഷാരത്തിന്റെ വാക്കുകൾ പറഞ്ഞത്. അവർ പ്രിയ സ്നേഹിതരായിരുന്നു, അവരുടെ നഷ്ടം അവന്റേതുകൂടെയാണ്.

ലാസറിന്റെ ശരീരം എവിടെ വെച്ചു എന്നു യേശു ചോദിക്കുകയും, കല്ലറയിലേക്ക് പോകുകയും ചെയ്തു. "യേശു പിന്നെയും ഉള്ളം നൊന്തു" കല്ലറക്കൽ എത്തി എന്നു യോഹന്നാൻ വിവരിച്ചു (വാക്യം 38).[2] നാം ചോദിക്കേണ്ട ചോദ്യം "യേശുവിന്റെ കണ്ണുനീരിന്റെ അർത്ഥം എന്ത്?" ലാസർ മരിച്ചതുകൊണ്ടാണോ അവൻ കരഞ്ഞത്? തീർച്ചയായും ഏതാനും നിമിഷങ്ങൾക്കകം ലാസറിനെ ഉയിർപ്പിച്ചു തിരികെ ജീവിതത്തിലേക്കു വരുത്തുമെന്നു അവൻ അറിഞ്ഞിരുന്നു. കാരണം അവരുടെ കൂടെ ദുഃഖം അവൻ കണ്ടതുകൊണ്ടാണോ? ഒരു പക്ഷെ, വീണ്ടും, അവർ തങ്ങളുടെ ദുഃഖത്തിനു പകരം അവരുടെ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത സന്തോഷം അനുഭവിക്കുവാൻ പോകുന്നു എന്നു അവൻ അറിഞ്ഞിരിക്കണം. അവൻ കരഞ്ഞതു തന്റെ സ്നേഹിതന്മാരുടെ വിശ്വാസക്കുറവു കണ്ടിട്ടാണ് എന്നു ചിലർ കരുതുന്നു. എങ്ങനെയായാലും, തന്റെ ശുശ്രൂഷാ സമയത്തു

യേശു അസംഖ്യം അവിശ്വാസം കണ്ടിട്ടുണ്ട്, കരച്ചിൽ തന്റെ പ്രതേ്യക പ്രതികരണം ആയിരുന്നില്ല.

യേശുവിന്റെ മുഖത്തുകൂടെ ഒഴുകിയ കണ്ണുനീർ കാണിക്കുന്നതു തികഞ്ഞ മനുഷ്യന്റെ അനുഭവമായിരുന്നു അത്. സി. എസ്. ലൂയിസിന്റെ കഥ ഓർമ്മിച്ചാൽ, നിങ്ങൾ പറഞ്ഞേക്കാം, യേശു ഈ ലോകത്തിൽ വന്നു, നമ്മോടൊപ്പം ഇരുന്നു കരയും!

**ഉപസംഹാരം**

ഡാമിയെൻ ഡി വ്യുസ്റ്റർ (1840–89) ഒരു മിഷ്ണറിയായി 1864–ൽ തന്റെ സഹോദരനു പനി പിടിച്ചതിനാൽ പകരക്കാരനായി ഹവായിയിലേക്കു പോയി. ആ ദ്വീപിലെ ഒമ്പതു വർഷത്തെ പ്രയാസമേറിയ പ്രവർത്തനങ്ങൾക്കുശേഷം, ഡാമിയെൻ മൊളോക്കായി എന്ന ദ്വീപിൽ പോയി, കുഷ്ഠ രോഗികൾ പാർക്കുവാൻ നിർബന്ധിച്ചിരുന്ന സ്ഥലമായിരുന്നു അത്. അവിടെ അദ്ദേഹം നഴ്സായും, നിർമ്മാതാവായും, കല്പണിക്കാരനായും, ഡോക്ടർ ആയും, ശ്മശാന നടത്തിപ്പുകാരനായും, ശവപ്പെട്ടി – പണിയുന്നവനായും, കല്ലറക്കു കുഴി – കുഴിക്കുന്നവനായും സേവനം അനുഷ്ഠിച്ചു. ഓരോ ഞായറാഴ്ച്ചയും, അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിക്കുന്നത് "കുഷ്ഠ രോഗികളെ ദൈവം നിങ്ങളെ സ്നേഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ്. പിന്നെ, ഒരു ദിവസം, ഞാനും കുഷ്ഠ രോഗിയായി എന്നയാൾ കണ്ടെത്തി. അടുത്ത ഞായറാഴ്ച്ച സഭയുടെ മുൻപിൽ നിന്നു, അദ്ദേഹം പറഞ്ഞു, "കുഷ്ഠരോഗികളായ *നമ്മെ* ദൈവം സ്നേഹിക്കുന്നു."

ലാസറിന്റെ കല്ലറെക്കു പുറത്തുള്ള ചിത്രം യേശു പൂർണ്ണ മനുഷ്യനായിരുന്നു എന്നാണ് നമ്മെ ഓർപ്പിക്കുന്നത്. അവൻ 50 ശതമാനം മനുഷ്യനും 50 ശതമാനം ദൈവവും ആയിരുന്നില്ല; അവൻ 100 ശതമാനം മനുഷ്യനും 100 ശതമാനം ദൈവവും ആയിരുന്നു. യേശു *നമ്മുടെ* ലോകത്തിൽ കടന്നു, *നമ്മുടെ* വേദന മനസ്സിലാക്കി, *നമ്മോടുകൂടെ* കരയും, അതെല്ലാം "ദൈവം *നമ്മെ* സ്നേഹിക്കുന്നു" എന്ന സന്ദേശം നമ്മെ അറിയിക്കുന്നതിനാണ്.

---

കുറിപ്പുകൾ

[1]ഉദ്ധരിച്ചത് റിച്ചാർഡ് ഫോസ്റ്റർ, *പ്രെയർ* (സാൻഫ്രാൻസിസ്കോ: ഹാർപ്പർ, 1992), 37. [2]ദ സെയിം ഗ്രീക്ക് വേഡ്, *എംബ്രിമാവോമായി,* ഈസ് ട്രാൻസ്ലേറ്റഡ് "ഡീപ്ലി മൂവ്ഡ്" ഇൻ വെഴ്സസ് 33 ആന്റ് 38.

© 2009 Truth for Today